**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2731** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രങ്ങളിൽ പെട്ടവരുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം എസ് അരുൺ കുമാർ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ തനത് സംസ്കാരവും ഭാഷയും അറിവും പരിപോഷിപ്പിക്കുന്നതിനോടൊപ്പം അവരെ പൊതുസമൂഹത്തിന്റെ പുരോഗതിക്കൊപ്പം കണ്ണിചേർക്കുന്നതിനായി നടത്തുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഗോത്രവിഭാഗങ്ങളുടെ തനത് ഭാഷ, സംസ്കാരം, അറിവ് എന്നിവ പരിപോഷിപ്പിക്കുന്നതിനും, വിദ്യാലയങ്ങൾ ഗോത്രഭാഷ/ഗോത്ര വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുമായി ഗോത്രഭാഷ അറിയാവുന്നവരും അദ്ധ്യാപക പരിശീലനം ലഭിച്ചവരുമായ പട്ടികവർഗ്ഗ യുവതീ യുവാക്കളെ 'ഗോത്രബന്ധു' എന്ന പേരിൽ മെന്റർ ടീച്ചർമാരായി നിയോഗിച്ച് പഠന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇടുക്കി, വയനാട് ജില്ലകളിൽ 'ഹരിതരശ്മി' എന്നപേരിലും അട്ടപ്പാടിയിൽ 'നമത് വെള്ളാമെ' എന്ന പേരിലും കാർഷിക വികസന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വംശീയ വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനായി പാരമ്പര്യ വൈദ്യൻമാർക്ക് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ഇതിനു പുറമെ വംശീയ വൈദ്യം, വംശീയ ഭക്ഷണം, വംശീയ കലകൾ, പരമ്പരാഗത ഉത്പാദനം, പ്രദർശനം, വിപണനം എന്നിവയ്ക്കായി ഗദ്ദിക എന്ന പേരിൽ പ്രദർശന വിപണന മേളകളും സംഘടിപ്പിച്ചു വരുന്നു. |
| (ബി) | പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ വികസനം സുസാധ്യമാക്കുന്നതിന് വിഘാതമായ ഭൂരാഹിത്യം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവർ തലമുറകളായി ഉപയോഗിച്ചിരുന്ന വന ഭൂമിയിന്മേൽ വനാവകാശ നിയമപ്രകാരം അവകാശം സാധൂകരിച്ച് നൽകി കൈവശാവകാശ രേഖകൾ നൽകുക വഴിയും, ബഹു.സുപ്രീംകോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ നിന്നും ഭൂമി വിതരണം നടന്നു വരുന്നു. ഇതിനു പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ വിലകൊടുത്ത് ഭൂമി വാങ്ങി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്ന 'ലാന്റ് ബാങ്ക്' പദ്ധതി വഴിയും ഭൂമി ലഭ്യമാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭക്ഷ്യോല്പാദനത്തിൽ സ്വാശ്രയത്വം നേടാൻ ഇവരെ പര്യാപ്തമാക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ? | (സി) | അട്ടപ്പാടി മേഖലകളിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കിയ 'മില്ലെറ്റ് വില്ലേജ്' പദ്ധതി വഴി പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കി പരാമ്പര്യ വിളകൾ കൃഷി ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കിയ 'നമത് വെള്ളാമെ' പദ്ധതി വഴി ഭക്ഷ്യോത്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കുവാനും സാധിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ 2500 കർഷകരെ കണ്ടെത്തി ജൈവകൃഷി രീതി പ്രയോഗിച്ച് ഭക്ഷ്യോത്പാദനം നടത്തുന്നതിനായി 'ഹരിതരശ്മി - നിറവല്ലം' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ